**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - വൈക്കം നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. എബിൻ ജോസഫ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1979/2019 നമ്പർ കേസിൽ 09.10.2019 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 2776/2019/തസ്വഭവ തീയതി, തിരുവനന്തപുരം, 06.12.2019

---

പരാമർശം :

1. നഗരകാര്യ ഡയറക്ടറുടെ 22.02.2019-തീയതിയിലെ ഇ 2/2568/19 നമ്പർ ഉത്തരവ്
2. കോട്ടയം നഗരസഭാ ചെയർപേഴ്സൺ ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി മുമ്പാകെ സമർപ്പിച്ച 04.19.2019 തീയതിയിലെ കത്ത് (അനക്ഷ്വർ A8)
3. ശ്രീ. എബിൻ ജോസഫ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1979/2019 നമ്പർ കേസിൽ 09.10.2019 തീയതിയിലെ വിധിന്യായം.
4. ശ്രീ.എബിൻ ജോസഫ് സർക്കാരിൽ സമർപ്പിച്ച നിവേദനം
5. നഗരകാര്യഡയറക്ടറുടെ 22.11.2019 തീയതിയിലെ ഇ 3-20721/2019 നമ്പർ കത്ത്.

## ഉത്തരവ്

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ കോട്ടയം നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.എബിൻ ജോസഫിനെ പരാമർശം 1 ഉത്തരവ് പ്രകാരം വൈക്കം നഗരസഭയിലേക്ക് ഭരണപരമായ സൗകര്യം എന്ന നിലയ്ക്ക് സ്ഥലം മാറ്റി നിയമിക്കുകയുണ്ടായി. തന്നെ കോട്ടയം നഗരസഭയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മേല്പറഞ്ഞ ഉത്തരവിനെതിരെ ശ്രീ.എബിൻ ജോസഫ്, ബഹു.കേരള അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1979/2019 നമ്പർ കേസിൽ 09.10.2019 തീയതിയിലെ ഉത്തരവുപ്രകാരം മേൽ ഉത്തരവ് ലഭിച്ച് ഒരാഴ്ചയ്ക്കകം അപേക്ഷകൻ ഒന്നാം എതിർകക്ഷിയായ സർക്കാരിൽ നിവേദനം സമർപ്പിക്കേണ്ടതാണെന്നും പ്രസ്തുത നിവേദനം കോട്ടയം നഗരസഭാചെയർപേഴ്സൺ, തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി മുമ്പാകെ സമർപ്പിച്ച കുറിപ്പ് (അനക്ഷ്വർ എ 8) സഹിതം പരിശോധിച്ച് ആറ് ആഴ്ചയ്ക്കുള്ളിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഉത്തരവായിരുന്നു.

2. ശ്രീ. എബിൻ ജോസഫ് സർക്കാരിൽ സമർപ്പിച്ച പരാമർശം 4 നിവേദനം പ്രകാരം കോട്ടയം നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന തന്നെ 22.02.2019 തീയതിയിലെ നഗരകാര്യ ഡയറക്ടറുടെ ഉത്തരവ് പ്രകാരം വൈക്കം നഗരസഭയിലേക്ക് ഭരണപരമായ സൗകര്യം എന്ന നിലയ്ക്ക് സ്ഥലം മാറ്റി ഉത്തരവായതായും തുടർന്ന് താൻ പൊതുസ്ഥലംമാറ്റത്തിനായി കോട്ടയം നഗരസഭയിലേക്ക് മാത്രം ഓൺലൈനായി അപേക്ഷ സമർപ്പിച്ചെങ്കിലും തന്നെ സ്ഥലംമാറ്റത്തിനുള്ള അന്തിമ ക്യൂ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണെന്ന് അറിയിച്ചിരുന്നു. തന്റെ ഭാര്യ മരണപ്പെട്ടതുമൂലം ഏകമകന്റേയും 60 വയസ്സായ അമ്മയുടേയും സംരക്ഷണം തന്റെ ഉത്തരവാദിത്തമായതിനാൽ കോട്ടയം നഗരസഭയിൽ നിന്ന് മാറി പോകുന്നത് സമാധാനപൂർവ്വമായ ജീവിതത്തെ ബാധിച്ചിട്ടുള്ളതായും ആയതിനാൽ തന്നെ കോട്ടയം നഗരസഭയിൽ നിയമിക്കുന്നതിന് അനുകൂല ഉത്തരവുണ്ടാകണമെന്ന് ശ്രീ. എബിൻ ജോസഫ് അപേക്ഷിച്ചിരുന്നു.

3. കോട്ടയം നഗരസഭാ ചെയർപേഴ്സൺ തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി മുമ്പാകെ സമർപ്പിച്ച കത്ത്(അനക്ഷർ എ 8)പ്രകാരം ചെയർമാൻമാർക്ക് നഗരസഭയിൽ ഓഫീസ് പ്രവർത്തനം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് എൽ.ഡി.ക്ലർക്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ പി.എ ആയി നിയമിക്കാൻ ഉത്തരവായിട്ടുള്ളതിനാൽ ടി പോസ്റ്റിലേക്ക് വൈക്കം നഗരസഭയിലെ സീനിയർ ക്ലാർക്ക് ശ്രീ. എബിൻ ജോസഫിനെ നിയമിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

4. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം വൈക്കം നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. എബിൻ ജോസഫ് ടിയാന്റെ 14 വർഷത്തെ ആകെ സേവനകാലയളവിൽ ഏകദേശം 12 വർഷത്തോളം കോട്ടയം നഗരസഭയിലാണ് സേവനം അനുഷ്ഠിച്ചിട്ടുള്ളതെന്നറിയിക്കുന്നു. കൂടാതെ ശ്രീ.എബിൻ ജോസഫ് കോട്ടയം നഗരസഭയിൽ തുടർച്ചയായി 7 വർഷത്തിൽ കൂടുതൽ സേവനമനുഷ്ഠിച്ചതിന് ശേഷമാണ് നഗരകാര്യ ഡയറക്ടറുടെ 22.02.2019-ലെ ഇ.3/2568/2019 നമ്പർ ഉത്തരവിൽ ഭരണപരമായ സൗകര്യാർത്ഥം ടിയാന്റെ സമീപ നഗരസഭയായ വൈക്കം നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ചിട്ടുള്ളത്. സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നു എങ്കിലും ടിയാനെതിരെ കോട്ടയം നഗരസഭയിലെ കൗൺസിലർമാർ വീണ്ടും പരാതി സമർപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും, ഭരണപരമായ സൗകര്യാർത്ഥം 22.02.2019-ലെ ഉത്തരവ് പ്രകാരം വൈക്കം നഗരസഭയിലേക്ക് സ്ഥലംമാറ്റിയിട്ടുള്ളതിനാലും, വൈക്കം നഗരസഭ കോട്ടയം നഗരസഭയുടെ സമീപസ്ഥ നഗരസഭയായതിനാലും ടിയാന്റെ താമസസ്ഥലത്തിന് സമീപമുള്ള നഗരസഭയായതിനാലുമാണ് സ്ഥലമാറ്റ അപേക്ഷ പരിഗണിക്കാതിരുന്നത് എന്ന വിവരം നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

5. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീ. എബിൻ ജോസഫ് ടിയാന്റെ 14 വർഷത്തെ ആകെ സേവനകാലയളവിൽ ഏകദേശം 12 വർഷത്തോളം കോട്ടയം നഗരസഭയിലാണ് സേവനം അനുഷ്ഠിച്ചിട്ടുള്ളതെന്ന് കാണുന്നു. കൂടാതെ കോട്ടയം നഗരസഭയിൽ തുടർച്ചയായി 7 വർഷത്തിൽ കൂടുതൽ സേവനമനുഷ്ഠിച്ചതിന് ശേഷമാണ് ഭരണപരമായ സൗകര്യാർത്ഥം അതേ ജില്ലയിൽത്തന്നെയുള്ള സമീപ

നഗരസഭയായ വൈക്കം നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ചിട്ടുള്ളത് എന്നതിനാലും കോട്ടയം നഗരസഭയിൽ സ്ഥലംമാറ്റം ആവശ്യപ്പെട്ടുകൊണ്ടുള്ള ശ്രീ. എബിൻ ജോസഫിന്റെ അപേക്ഷയും, ഇക്കാര്യത്തിലുള്ള കോട്ടയം നഗരസഭാ ചെയർപേഴ്സൺ സമർപ്പിച്ച കത്തിലെ ആവശ്യവും പരിഗണനാർഹമല്ലാത്തതിനാൽ നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു

6. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 09.10.2019 തീയതിയിലെ ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രമണി മാത്യു**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)

ശ്രീ.എബിൻ ജോസഫ്, സീനിയർ ക്ലർക്ക്, വൈക്കം നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ